ജനകീയാസൂത്രണത്തിൽ ഉദ്യോഗസ്ഥൻമാർക്കുള്ള പങ്ക്

88(3176) ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ നിയന്ത്രിക്കുന്നതിന് പഞ്ചായത്ത്/മുനിസിപ്പൽ വകുപ്പിലെ ഉദ്യോഗസ്ഥൻമാർക്ക് എന്തെല്ലാം അധികാരങ്ങളാണ് നൽകിയിരിക്കുന്നത്;

(ബി) ഈ ഉത്തരവുകളുടെ കോപ്പി ലഭ്യമാക്കുമോ;

(സി) മലപ്പുറം ജില്ലയിലെ കീഴുപ്പറമ്പ് പഞ്ചായത്തിൽ ജനകീയാസൂത്രണ പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നിർത്തിവച്ചതിന്റെ കാരണം അറിയിക്കുമോ;

(ഡി) ഇതിന് ഇദ്ദേഹത്തിന് അധികാരം നൽകിയിട്ടുണ്ടോ;

(ഇ) പ്രസ്തുത പദ്ധതി പ്രകാരമുള്ള എത്ര പ്രവൃത്തികൾ ഏതെല്ലാം പഞ്ചായത്തുകളിൽ ഇദ്ദേഹം തടഞ്ഞുവച്ചിട്ടുണ്ട്;

(എഫ്) അതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള പഞ്ചായത്ത് രാജ് ആക്ടിലെ സെക്ഷൻ 276 പ്രകാരം സർക്കാർ അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനും പഞ്ചായത്ത് തീരുമാനങ്ങൾക്കെതിരായിട്ടുള്ള അപ്പീലുകൾ പരിശോധിക്കാം. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അപ്പലേറ്റ് അധികാരിയായും ജില്ലാ പെർഫോർമെൻസ് ആഡിറ്റ് ഓഫീസറായും പ്രവർത്തിക്കുന്നു.

(ബി) കേരള പഞ്ചായത്ത് രാജ് ആക്ടിലെ സെക്ഷൻ 276, 188 എന്നിവയാണ്.

(സി) കീഴുപ്പറമ്പ് പഞ്ചായത്തിലെ ജനകീയാസൂത്രണ പദ്ധതി പ്രവർത്തനങ്ങൾ ഡെപ്യൂട്ടി ഡയറക്ടർ നിർത്തിവച്ചിട്ടില്ല.

(ഡി) ബാധകമല്ല.

(ഇ) ഊർങ്ങാട്ടിരി ഗ്രാമ പഞ്ചായത്തിലെ ജനകീയാസൂത്രണ പ്രവൃത്തികൾ താൽക്കാലികമായി നിർത്തിവച്ചിട്ടുണ്ട്.

(എഫ്) ഊർങ്ങാട്ടിരി ഗ്രാമ പഞ്ചായത്തിലെ പദ്ധതി രേഖകൾ രണ്ടു വ്യത്യസ്ത രീതിയിൽ പ്രസിദ്ധീകരിച്ചു എന്ന പരാതി സംബന്ധിച്ച അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ നിർദ്ദേശ പ്രകാരം പ്രവൃത്തികൾ താൽക്കാലികമായി തടഞ്ഞുവച്ചിട്ടുണ്ട്.

മാനാളൂർ പാറെക്കുളം കയ്യേറുന്നത് തടയാൻ നടപടി

89 (3177) ശ്രീ. മോൻസ് ജോസഫ് :
ഡോ. കെ.സി. ജോസഫ് :
ശ്രീ. ആന്റണി രാജു :
ശ്രീ. പി.സി. ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly